(എ) ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ബേസിക് ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവയുടെ എത്ര ശതമാനമാണ് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇങ്ങനെ പഞ്ചായത്തുകളുടെ വരുമാനത്തിന്റെ ഒരു ഭാഗം കൈമാറേണ്ടി വന്നതിന്റെ ഫലമായി പല പഞ്ചായത്തുകളും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് സാമ്പത്തിക പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിലെ ജീവനക്കാരുടേതുപോലെ ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്കും സർക്കാർ ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് മൊത്തം അടിസ്ഥാന നികുതി (ബേസിക് ടാക്സ്)യുടെ 3/10നു തുല്യമായ തുക അവയുടെ വിസ്തൃതിക്ക് ആനുപാതികമായി നൽകുവാനും ജില്ലാ പഞ്ചായത്തുകൾക്ക് മൊത്തം അടിസ്ഥാന നികുതിയുടെ 1/5 ന് സാദ്ധ്യമാകുന്നിടത്തോളം തുല്യമായ തുക പിരിവിന്റെ അടിസ്ഥാനത്തിൽ നൽകുവാനും ഉത്തരവായിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കുള്ള വിഹിതം നിശ്ചയിച്ച് ഉത്തരവായിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പി.ഡബ്ല്യു.ഡി പഞ്ചായത്തുകൾക്ക് കൈമാറിയ റോഡുകളുടെ പണി

74 (1435)ശ്രീ. എൻ. കണ്ണൻ : തഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മലപ്പുറം ജില്ലയിലെ എത്ര റോഡുകളാണ് പൊതുമരാമത്ത് വകുപ്പ് ജില്ലാപഞ്ചായത്തിന് കൈമാറിയത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പണി നടത്തുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ 1996-2001 കാലഘട്ടത്തിൽ എത്ര തുക കൈമാറി എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ പണി പൂർത്തിയാക്കിയ റോഡുകൾ ഏതെല്ലാം എന്ന് ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പി.ഡബ്ല്യു.ഡി കൈമാറ്റംചെയ്ത റോഡുകൾക്ക് അനുവദിച്ച തുക ഗ്രാമീണ റോഡുകൾക്ക് ചെലവഴിച്ചിട്ടുണ്ടോ;

(എഫ്) ഇങ്ങനെ ചെലവഴിക്കുവാൻ ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ടോ;

(ജി) പി.ഡബ്ല്യു.ഡി. കൈമാറ്റം ചെയ്ത റോഡുകളുടെ പണി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എഴുപത്തി മൂന്നു റോഡുകൾ കൈമാറ്റം ചെയ്തതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി)&(സി) ഉണ്ട്.

1996-2000 കാലഘട്ടത്തിൽ 872,04,279/-രൂപ നൽകിയിട്ടുണ്ട്.

(ഡി)

1. കുറുവ ഡിവിഷൻ	-	2
2. കുഴിമണ്ണ ഡിവിഷൻ	-	2
3. കൊണ്ടോട്ടി ഡിവിഷൻ	-	1
4. വണ്ടൂർ ഡിവിഷൻ	-	1

(ഇ) ഉണ്ട്.

(എഫ്) 1996-ൽ ലഭിച്ച പണം വിനിയോഗിക്കുവാൻ പൊതുമരാമത്ത് വകുപ്പിൽ നിന്നും റോഡു കൈമാറ്റം ചെയ്തു ലഭിക്കാതിരുന്നതിനാൽ ഫണ്ടു യഥാസമയം വിനിയോഗിക്കുന്നതിനായി വില്ലേജു റോഡുകൾക്കായി പണം ചെലവഴിക്കാൻ പഞ്ചായത്ത് തീരുമാനം കൈക്കൊള്ളുകയുണ്ടായി.

(ജി) ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പണി നടത്തി വരുന്നു.

ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ

75 (1436)ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങാനുള്ള പദ്ധതി നിലവിലുണ്ടായിരുന്നോ എന്നറിയിക്കുമോ;

(ബി) ഇതനുസരിച്ച് പ്രസ്തുത മെഷീൻ കിട്ടുന്നതിന് എത്ര ഗ്രാമപഞ്ചായത്തുകൾ പണമടച്ചിട്ടുണ്ട്;

(സി) മെഷീൻ വാങ്ങുന്നതിന് പണം അടയ്ക്കുന്നതിനുള്ള അവസാന തീയതി എന്നായിരുന്നു

(ഡി) ഇതിനുവേണ്ടി പണമടച്ച എത്ര പഞ്ചായത്തുകൾക്ക് ഇതുവരെ മെഷീൻ നൽകി;

(ഇ) ഒരു പഞ്ചായത്തിനും മെഷീൻ നൽകിയില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) 24.1.2000-വരെ 691 ഗ്രാമപഞ്ചായത്തുകൾ പണമടച്ചിട്ടുണ്ട്;

(സി) മെഷീൻ വാങ്ങുന്നതിന് പണം അടയ്ക്കുന്നതിനുള്ള അവസാന തീയതി 31.3.1999 ആയിരുന്നു എങ്കിലും ഫോട്ടോകോപ്പികൾ ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ഇത് സംബന്ധിച്ച സപ്ലൈ ഓർഡർ കമ്പനിക്ക് നൽകുന്നതുവരെ പണമടയ്ക്കാവുന്നതാണ്.;

LIBRARY ARCHIVES Kerala Legislative Assembly